LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ചാത്തൻകോട്ടുകട ജലവൈദ്യുത പദ്ധതി

42 (2280) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ചാത്തൻകോട്ടുകട ജലവൈദ്യുത പദ്ധതിയുടെ കരാറുകാരൻ ആരാണെന്നും കരാർ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതൊക്കെ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) എസ്റ്റിമേറ്റ് പ്രകാരമുള്ള ഓരോ പ്രവൃത്തിയുടെയും എത്ര ശതമാനം പ്രവൃത്തി പൂർത്തിയായെന്നും എത്ര തുക പാർട്ട് പേമെന്റായി കരാറുകാരന് നൽകിയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോറമാൻഡൽ എനർജി പ്രൈവറ്റ് ലിമിറ്റഡ്-കോറമാൻഡൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് - ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ് - കൺസോർഷ്യമാണ് കരാറുകാരൻ. 4536 ലക്ഷം രൂപയാണ് പദ്ധതിയുടെ കരാർ തുക.

(ബി) പ്രസ്തുത പദ്ധതിയുടെ കരാർ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളും അവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുകയും താഴെ പറയും പ്രകാരമാണ്.

പട്ടിക എ	സിവിൽ പ്രവൃത്തികൾ - 32,57,70,040 രൂപ.
പട്ടിക ബി	പെൻസ്റ്റോക്ക് പൈപ്പുകളുടെ വിതരണം, ഫാബ്രിക്കേഷൻ, സ്ഥാപിക്കൽ എന്നിവ - 1,99,62,311 രൂപ.
പട്ടിക എ 1	ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും ആസൂത്രണം, രൂപകല്പന, നിർമ്മാണം, വിതരണം എന്നിവ - 10,39,05,000 രൂപ.
പട്ടിക എ 2	ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും സ്ഥാപിക്കൽ, പരിശോധനകൾ, ഉല്പാദനം ആരംഭിക്കൽ എന്നിവ - 39,70,000 രൂപ.

(സി) പട്ടിക-എ പ്രകാരമുള്ള സിവിൽ നിർമ്മാണ പ്രവൃത്തികളുടെ 30-11-2014 വരെ പൂർത്തീകരിച്ച പ്രവൃത്തികൾ ശതമാനത്തിൽ താഴെ കൊടുക്കുന്നു.

(i) ആക്സസ് റോഡുകൾ	34.94%
(ii) വിയറും ഇൻടേക്ക് സ്ലൂക്ചറും	14.63%
(iii) പവർ ചാനൽ	34.56%
(iv) ഫോർബേ	3.91%
(v) പെൻസ്റ്റോക്ക്	11.36%
(vi) പവർ ഹൗസ്, ടെയിൽ റേസ്, സ്വിച്ച് യാർഡ് തുടങ്ങിയവ	20.29%

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 4,54,02,322 രൂപ കരാറുകാർക്ക് പാർട്ട് പേമെന്റായി 30-11-2014 വരെ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ മറ്റു പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) 2015 ഡിസംബറോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സൗരോർജ്ജം ഉപയോഗിക്കൽ

43 (2281) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജോൽപാദനക്കാര്യത്തിൽ സൗരോർജ്ജം പരമാവധി ചൂഷണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കുറഞ്ഞ ചെലവിൽ സൗരോർജ്ജം ചൂഷണം ചെയ്യുന്നതിന് എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങൾ ഇതേവരെ നടത്തിയിട്ടുണ്ട്; വിശദവിവരം നൽകാമോ;

(സി) ഇത് സംബന്ധിച്ച് കണ്ടെത്തലുകളോ സംവിധാനങ്ങളുടെ വികസനമോ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജ നയം സംസ്ഥാനത്ത് 25-11-2013-ലെ ഗവൺമെന്റ് ഉത്തരവ് (P) No. 49/2013/PD പ്രകാരം നിലവിൽ വന്നു. പ്രസ്തുത സൗരോർജ്ജ നയമനുസരിച്ച് 2017-നുള്ളിൽ 500 MW-ഉം 2030 കാലയളവിനുള്ളിൽ 2500 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly